## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** **01-02-2024 - ൽ മറുപടിയ്ക്ക്**

## പൊതുമരാമത്ത് വകുപ്പിനെ ജനകീയമാക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിനെ ജനകീയമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. പൊതുജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ് എന്നതാണ് വകുപ്പിന്റെ കാഴ്ചപ്പാട്. പൊതുമരാമത്ത് പ്രവൃത്തികളിൽ ജനങ്ങൾക്കുള്ള അഭിപ്രായവും നിർദ്ദേശവും പരാതിയും അറിയിക്കുന്നതിന് PWD 4U ആപ്പിന് രൂപം നൽകി. ജനങ്ങൾക്ക് ഫോട്ടോ സഹിതം തങ്ങളുടെ അഭിപ്രായം അറിയിക്കാൻ ഇതിലൂടെ സാധിക്കും നിശ്ചിത ഇടവേളകളിൽ ജനങ്ങൾക്ക് വകുപ്പ് മന്ത്രിയുമായി സംവദിക്കുന്നതിന് റിംഗ് റോഡ് ഫോൺ കോൾ പരിപാടി നടത്തുന്നുണ്ട്. വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും പരാതിയും അറിയിക്കുന്നതിന് ടോൾ ഫ്രീ നമ്പറും പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.റോഡുകളുടെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് ജനങ്ങൾക്ക് അറിയുന്നതിനായി DLP ബോർഡുകൾ സ്ഥാപിക്കുന്നുണ്ട്. ബന്ധപ്പെട്ട പ്രവൃത്തിയിലെ ന്യൂനതകൾ കരാറുകാരേയും അസിസ്റ്റന്റ് എൻജിനീയറേയും അറിയിക്കുന്നതിന് ഇതിലൂടെ സാധിക്കുന്നു. റണ്ണിംഗ് കോൺട്രാക്ട് പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങളും ഇത്തരത്തിൽ പ്രത്യേക ബോർഡുകളിലൂടെ അറിയിക്കുന്നു. ഇതോടൊപ്പം പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ ജനകീയമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തി. പാലങ്ങൾ ആകർഷകമാക്കാനും പാലങ്ങളുടെ അടിഭാഗം ജനങ്ങൾക്ക് കൂടി ഉപയോഗപ്പെടുത്താവുന്ന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനും ഉള്ള പദ്ധതികൾ നടപ്പിലാക്കുന്നു. |
| (ബി) | പുതിയ സാങ്കേതിക വിദ്യകളെ പ്രസ്തുത | (ബി) | പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ |

| | | | |
|---|---|---|---|
| | ലക്ഷ്യങ്ങൾക്കായി എത്രത്തോളം ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | | ജനകീയമാക്കുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. പൊതുജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ് എന്നതാണ് വകുപ്പിന്റെ കാഴ്ചപ്പാട്. പൊതുമരാമത്ത് പ്രവൃത്തികളിൽ ജനങ്ങൾക്കുള്ള അഭിപ്രായവും നിർദ്ദേശവും പരാതിയും അറിയിക്കുന്നതിന് PWD 4U ആപ്പിന് രൂപം നൽകി. ജനങ്ങൾക്ക് ഫോട്ടോ സഹിതം തങ്ങളുടെ അഭിപ്രായം അറിയിക്കാൻ ഇതിലൂടെ സാധിക്കും നിശ്ചിത ഇടവേളകളിൽ ജനങ്ങൾക്ക് വകുപ്പ് മന്ത്രിയുമായി സംവദിക്കുന്നതിന് റിംഗ് റോഡ് ഫോൺ കോൾ പരിപാടി നടത്തുന്നുണ്ട്.വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും പരാതിയും അറിയിക്കുന്നതിന് ടോൾ ഫ്രീ നമ്പറും പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.റോഡുകളുടെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് ജനങ്ങൾക്ക് അറിയുന്നതിനായി DLP ബോർഡുകൾ സ്ഥാപിക്കുന്നുണ്ട്. ബന്ധപ്പെട്ട പ്രവൃത്തിയിലെ ന്യൂനതകൾ കരാറുകാരേയും അസിസ്റ്റന്റ് എൻജിനീയറേയും അറിയിക്കുന്നതിന് ഇതിലൂടെ സാധിക്കുന്നു.റണ്ണിംഗ് കോൺട്രാക്ട് പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങളും ഇത്തരത്തിൽ പ്രത്യേക ബോർഡുകളിലൂടെ അറിയിക്കുന്നു. ഇതോടൊപ്പം പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ ജനകീയമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തി. പാലങ്ങൾ ആകർഷകമാക്കാനും പാലങ്ങളുടെ അടിഭാഗം ജനങ്ങൾക്ക് കൂടി ഉപയോഗപ്പെടുത്താവുന്ന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താനും ഉള്ള പദ്ധതികൾ നടപ്പിലാക്കുന്നു. |
| (സി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പദ്ധതികളുടെ ഉത്തരവാദിത്തം ആർക്കാണ് എന്ന് വ്യക്തമാക്കിക്കൊണ്ടും വികസന പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിന് ഡിഫക്ട് ലയബിലിറ്റി ബോർഡ് സ്ഥാപിക്കുന്നതുകൊണ്ട് സാധ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച വിലയിരുത്തൽ വിശദമാക്കാമോ; | (സി) | ഉണ്ട്. പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തിയുടെ വിശദാംശങ്ങളും പരിപാലന കാലാവധിയും ഉൾപ്പെടുത്തിക്കൊണ്ടും ടി റോഡിനെ സംബന്ധിച്ച സംശയങ്ങളും പരാതികളും ഉന്നയിക്കുന്നതിനായി ബന്ധപ്പെടേണ്ട കരാറുകാരന്റെയും എഞ്ചിനീയറുടേയും ഫോൺ നമ്പർ പ്രദർശിപ്പിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കുക വഴി വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും റോഡുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപണികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും സാധിക്കുന്നുണ്ട്. |
| (ഡി) | റോഡ് ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത റോഡുകളുടെ വിശദാംശം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ വിശദമാക്കാമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ് ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. എല്ലാ നിരത്തുകളും ഡിജിറ്റലൈസ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയാക്കി. |

| | | | |
|---|---|---|---|
| | | | ഡിജിറ്റലൈസ് വിവരങ്ങൾ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ